(ഡി) ഹെൽപ്പ് ലൈൻ സംവിധാനം മോണിറ്റർ ചെയ്യുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി പരിഹാരസെല്ലിലൂടെ ഈ സംവിധാനം നിരീക്ഷിക്കുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

30 (*330) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ട് ?

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും എൽ.ഐ.സി.യുമായി സഹകരിച്ച് ആം ആദ്മി ബീമ യോജന എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് ഇൻഷ്വറൻസ് പദ്ധതികൾകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന സർക്കാർ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതി തുക കണ്ടെത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 17-12-2014 മുതൽ 16-12-2015 വരെയാണ്. യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പദ്ധതിക്കാവശ്യമായ തുക 2015-16 സാമ്പത്തിക വർഷത്തിൽ 2405-00-800-82(P), 2405-00-103-78(P), 2405-00-800-50(P) എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്.

എൽ.ഐ.സി.യുമായി സഹകരിച്ച് നടപ്പിലാക്കുന്ന ആം ആദ്മി ബീമ യോജന പദ്ധതിയുടെ കാലാവധി 11-4-2015 മുതൽ 10-4-2016 വരെയുണ്ട്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികൾ

1 (2815) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂൺ 2 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര ജില്ലകളിലാണ് രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികൾ നടത്തിയെന്നും ഓരോ കേന്ദ്രത്തിലും എത്ര പരാതികൾ വീതമാണ് ലഭിച്ചതെന്നും ലഭിച്ച പരാതികളിൽ എത്രയെണ്ണം വീതം തീർപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര തുക വീതം സാമ്പത്തിക സഹായമായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുവരെ പൂർത്തിയാക്കിയ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനും സുരക്ഷ ഒരുക്കുന്നതിനുമായി ഓരോ കേന്ദ്രങ്ങളിലും എത്ര പോലീസ് ഉദ്യോഗസ്ഥരുടെ വീതം സേവനമാണ് ഏർപ്പെടുത്തിയിരുന്നതെന്നും ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണ് ചുമതല നൽകിയിരുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് നടത്തിയ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികളിൽ ഓരോ കേന്ദ്രങ്ങളിലും പന്തൽ, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവുകൾക്കായി എത്ര തുക വീതം ഓരോ ജില്ലകളിലും ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജനസമ്പർക്ക പരിപാടികളുടെ മുഖ്യനടത്തിപ്പ് ചുമതല ഏത് വകുപ്പിനായിരുന്നു നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly